

# ദിവസവും ആയിരങ്ങൾക്ക് ആശ്വാസം...

കേരളത്തിന്റെ ആരോഗ്യം


# ആരോഗ്യ കേരളം

arogyakeralam newsletter

July 2025

Follow us on

arogyakeralam.gov.in


സാർവത്രിക പാലിയേറ്റീവ് കെയർ

## ആരോഗ്യ രംഗത്ത് കേരളത്തിന്റെ പുതിയ മാതൃക: മുഖ്യമന്ത്രി

എറണാകുളം: സംസ്ഥാനത്തെ എല്ലാ കിടപ്പുരോഗികൾക്കും സാന്ത്വനമേകാനുള്ള സാർവത്രിക പാലിയേറ്റീവ് കെയർ പദ്ധതിയുമായി കേരളം. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ഏകോപന സംവിധാനമായ ഗ്രിഡിന്റെ പ്രവർത്തനോദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. രാജ്യത്ത് ആദ്യമായാണ് ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നത്.

എല്ലാ കിടപ്പുരോഗികൾക്കും ചികിത്സാ സേവനങ്ങൾ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന സാർവത്രിക പാലിയേറ്റീവ് കെയർ സംവിധാനം ആരോഗ്യ രംഗത്ത് കേരളത്തിന്റെ പുതിയൊരു മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആരോഗ്യ മേഖലയിൽ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ് കേരളം. ദീർഘകാല രോഗങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്നവർക്കും കിടപ്പുരോഗികൾക്കും സാന്ത്വനം പകരാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് സർക്കാർ ഇതര സംഘടനകളെ ഏകോപിപ്പിച്ച് ശക്തമായ ഒരു പാലിയേറ്റീവ് കെയർ സംവിധാനം ഒരുക്കാൻ സർക്കാർ ലക്ഷ്യമിടുന്നത്. തദ്ദേശ, ആരോഗ്യവകുപ്പുകളുടെ നേതൃത്വത്തിൽ സർക്കാർ-സർക്കാരിതര സംവിധാനങ്ങളുടെ എകോപനത്തിൽ നടപ്പിലാക്കുന്ന പദ്ധതി കിടപ്പുരോഗികൾക്ക് ആശ്വാസമേകും.



കിടപ്പുരോഗികൾക്ക് സാന്ത്വനമാകാൻ കേരള കെയർ

അരക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ട രോഗികൾക്ക് തൊഴിൽപരമായ പിന്തുണ നൽകുന്നതിന് കുടുംബശ്രീയുമായി സഹകരിച്ച് എറണാകുളം, മലപ്പുറം ജില്ലകളിൽ പദ്ധതി ആരംഭിക്കും. മറ്റു ജില്ലകളിലും പദ്ധതി വ്യാപിക്കും. പാലിയേറ്റീവ് സേവനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള കേരള കെയർ - പാലിയേറ്റീവ് ഗ്രിഡിൽ പാലിയേറ്റീവ് പരിചരണം നൽകുന്ന 1362 സർക്കാർ സ്ഥാപനങ്ങളും 1085 സന്നദ്ധ സംഘടനകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1,58,100-ഓളം കിടപ്പിലായ രോഗികളുടെ വിവരങ്ങൾ ഗ്രിഡിൽ ഇപ്പോൾ ലഭ്യമാണ്. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ പതിനായിരത്തോളം പുതിയ സന്നദ്ധ പ്രവർത്തകർ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

ഇവർക്ക് പാലിയേറ്റീവ് കെയർ ഗ്രിഡ് വഴി രോഗികൾക്കാവശ്യമുള്ള പരിചരണം ഏകോപിപ്പിക്കുന്നത് സംബന്ധിച്ച് മൂന്നു ദിവസത്തെ പരിശീലനം നൽകി ഗ്രിഡിന്റെ ഭാഗമാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പാലിയേറ്റീവ് കെയർ രംഗത്ത് ഒരു ലക്ഷത്തിലധികം സന്നദ്ധ പ്രവർത്തകർ സേവനം ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. അവരെല്ലാവരും പരിശീലനമെടുത്ത് ഗ്രിഡിന്റെ ഭാഗമാകണം. പാലിയേറ്റീവ് കെയർ സമൂഹത്തിന്റെ ഉത്തരവാദിത്തമാണ് എന്ന പൊതുബോധം ഉയർന്നു വരുന്നതിനായി എല്ലാവരുടെയും പിന്തുണ ആവശ്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് അധ്യക്ഷത വഹിച്ചു. ആരോഗ്യ വകുപ്പ്

(പേജ് 2 ൽ തുടർന്ന് വായിക്കുക)

വിക്ടോറിയൻ പാർലമെന്റ്

## മന്ത്രി വീണാ ജോർജിനെ ആദരിച്ചു



### ആരോഗ്യ മേഖലയിലെ നേട്ടങ്ങൾക്കുള്ള ആഗോള അംഗീകാരം

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന് ഓസ്ട്രേലിയയിലെ വിക്ടോറിയൻ പാർലമെന്റിൽ ഉജ്ജ്വലമായ സ്വീകരണവും പ്രത്യേക ആദരവും ലഭിച്ചു. ജൂൺ 19-ന് നടന്ന പാർലമെന്റ് സെഷനിലാണ് വീണാ ജോർജിനെ ആദരിച്ചത്. വിക്ടോറിയൻ പാർലമെന്റിലെ അപ്പർ ഹൗസ് പ്രസിഡന്റ് ഷോൺ ലീൻ സ്വീകരിച്ചു. സർക്കാർ ചീഫ് വിപ്പ് ലീ ടാർലാമിസ് മന്ത്രി വീണാ ജോർജിന് പ്രത്യേക പുരസ്കാരം നൽകി ആദരിച്ചു. കേരളത്തിന്റെ ആരോഗ്യ മേഖലയിലെ പുരോഗതിക്കുള്ള ആദരവാണ് മന്ത്രിക്ക് നൽകിയത്. മഹാമാരി കാലത്ത് കേരളം കൈവരിച്ച നേട്ടങ്ങളും പരിഗണിച്ചു. ഒരു സംസ്ഥാന മന്ത്രിക്ക് ഇത്തരമൊരു ആദരവ് ലഭിക്കുന്നത് ആദ്യമായാണ്.

വിക്ടോറിയയും കേരളവും തമ്മിലുള്ള ആരോഗ്യ മേഖലയിലെ സഹകരണത്തിന്റെ അംഗീകാരമെന്ന നിലയിലാണ് മന്ത്രി വീണാ ജോർജിനെ വിക്ടോറിയൻ പാർലമെന്റ് സെഷനിൽ പ്രത്യേക അതിഥിയായി ക്ഷണിച്ചത്. കേരളത്തിന്റെ ആരോഗ്യ മേഖലയിലെ നേട്ടങ്ങൾക്കുള്ള ആഗോള അംഗീകാരമായി ഇത് മാറി.

വിക്ടോറിയൻ പ്രീമിയർ ജസിന്ത അലൻ, ഡെപ്യൂട്ടി പ്രീമിയർ ബെൻ കാരോൾ, ടൂറിസം മന്ത്രി സ്റ്റീവൻ ഡിംപൂലോസ്, ആരോഗ്യ മന്ത്രി മേരി ആൻ തോമസ് എന്നിവരുമായി മന്ത്രി വീണാ ജോർജ് കൂടിക്കാഴ്ച നടത്തി. ഈ കൂടിക്കാഴ്ചകൾ കേരളവും വിക്ടോറിയയും തമ്മിലുള്ള ആരോഗ്യ മേഖലയിലെ സഹകരണവും ബന്ധവും കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കും.

വിവിധ മേഖലകളിൽ, പ്രത്യേകിച്ച് ആരോഗ്യ രംഗത്ത് കേരളവും ഓസ്ട്രേലിയയും തമ്മിലുള്ള സഹകരണം വർധിപ്പിക്കുന്നതിനുള്ള നിരവധി ചർച്ചകൾ ഈ സന്ദർശനത്തിൽ നടന്നു. ആരോഗ്യ മേഖലയിലെ അറിവുകൾ, സാങ്കേതിക വിദ്യ, പരിശീലനം എന്നിവ കൈമാറുന്നതിലൂടെ ഇരു പ്രദേശങ്ങൾക്കും പരസ്പരം പ്രയോജനം നേടാൻ ഈ സന്ദർശനം വഴിയൊരുക്കും. കേരളത്തിന്റെ മന്ത്രിക്ക് ഓസ്ട്രേലിയയുടെ നിയമ നിർമ്മാണ സഭയിൽ ലഭിച്ച ഈ ആദരവ് ഓസ്ട്രേലിയയും കേരളവും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കാൻ സഹായിക്കും.

# കിടപ്പുരോഗികൾക്ക് സാന്ത്വനമാകാൻ കേരള കെയർ



മന്ത്രി വീണാ ജോർജ് പാലിയേറ്റീവ് കെയർ ഗ്രിഡ് പ്രവർത്തന മാർഗരേഖ പ്രകാശനം ചെയ്തു. ഓപ്പൺ ഹെൽത്ത് കെയർ നെറ്റ് വർക്ക് ടീമിനുള്ള ഉപഹാരം മന്ത്രിമാരായ വീണാ ജോർജും എം ബി രാജേഷും ചേർന്നു നൽകി. വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്, ഹൈബി ഈഡൻ എം പി, പി വി ശ്രീനിജൻ എം എൽ എ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ സീമ കണ്ണൻ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ രാജൻ എൻ ഖോബ്രഗേഡ, ദേശീയ ആരോഗ്യദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ വിനയ് ഗോയൽ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡോ എസ് ചിത്ര എന്നിവർ പങ്കെടുത്തു.

## കേരളം പുതുചരിത്രം രചിച്ചു: മന്ത്രി വീണാ ജോർജ്

സാർവത്രിക പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കുന്നതിലൂടെ കേരളം പുതുചരിത്രം രചിച്ചുവെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. വലിയ ലക്ഷ്യമാണ് നാം ഇതിലൂടെ കൈവരിക്കുന്നത്. സാർവത്രിക പാലിയേറ്റീവ് കെയർ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ പ്രവർത്തനരേഖ പ്രകാശനം ചെയ്യുകയായിരുന്നു മന്ത്രി.

സാന്ത്വന പരിചരണത്തിന് ഒരു നയം വേണമെന്ന് രാജ്യത്ത് തന്നെ ആദ്യമായി ചിന്തിച്ച സംസ്ഥാനമാണ് കേരളം. 2008ൽ നയം കൊണ്ടുവന്നു. 2019ൽ പരിഷ്കരിച്ച നയം 2023ൽ ഒരു കർമ്മപദ്ധതിയായി രൂപീകരിച്ചു. ഇതിന്റെ അടിസ്ഥാനമായുള്ള പ്രവർത്തനങ്ങൾക്കാണ് ഇന്നിവിടെ തുടക്കമാകുന്നത്. സ്വാന്തന പരിചരണ രംഗത്ത് സ്വകാര്യമേഖലയിൽ 1500 സാമൂഹിക മാനസിക പിന്തുണ നൽകുന്ന സംഘടനകളും 500 ക്ലിനിക്കൽ സേവനങ്ങൾ നൽകുന്ന സംഘടനകളും പ്രവർത്തിച്ചു വരുന്നുണ്ട്. സർക്കാരിന്റെ 1743 പ്രൈമറി കെയർ സ്ഥാപനങ്ങൾ, 345 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, പ്രധാന ആശുപത്രികൾ വഴിയും പരിചരണം ഉറപ്പുവരുത്തുന്നു. എല്ലാവരും സാർവത്രിക പാലിയേറ്റീവ് കെയർ പദ്ധതിയുമായി കൈകോർക്കണമെന്നും മന്ത്രി പറഞ്ഞു.

**പേവിഷബാധ**

# സ്കൂൾ വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ കാമ്പയിൻ



കോട്ടയം: പേവിഷബാധ അതീവ മാരകമായ രോഗമായതിനാൽ രോഗപ്രതിരോധത്തെ കുറിച്ചും കടിയേറ്റാൽ ഉടൻ സ്വീകരിക്കേണ്ട പ്രഥമ ശുശ്രുഷയെ കുറിച്ചും റാബീസ് വാക്സിനേഷനെ കുറിച്ചുമുള്ള അറിവ് രോഗ പ്രതിരോധത്തിൽ വളരെ പ്രധാനപെട്ടതാണ്. പേവിഷബാധയുമായി ബന്ധപെട്ടു വിദ്യാർത്ഥികളുടെ സുരക്ഷയ്ക്ക് വിദ്യാർത്ഥികളും സ്കൂൾ അധികാരികളും ചെയ്യേണ്ടുന്നതായ കാര്യങ്ങളിൽ അവബോധം വളർത്തുന്നതിനായാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്യാമ്പയിൻ സംസ്ഥാനം ഒട്ടാകെ ആരംഭിക്കുന്നതിന്റെ ഭാഗമായി കോട്ടയം ജില്ലയിലും ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുകയുായി. ഗവ മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ ജില്ലാ കളക്ടർ ജോൺ വി സാമുവൽ ജില്ലാതല ഉൽഘാടനം നിർവഹിച്ചു. പേവിഷബാധയുമായി ബന്ധപെട്ടു അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ പ്രതിപാദിക്കുന്ന ലഘു ലേഖ ചടങ്ങിൽ പ്രകാശനം ചെയ്തു.

**കാമ്പയിന്റെ ലക്ഷ്യങ്ങൾ**

1. സ്കൂൾ കോമ്പൗണ്ടിൽ തെരുവ് നായ്ക്കൾ പെരുകുന്നത് തടയുന്നതിനായി സ്കൂൾ പരിസരം ശുചീകരിച്ചു, ഭക്ഷണ അവശിഷ്ടങ്ങൾ വലിച്ചെറിയാതെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്കൂൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്.
2. രോഗം പരത്തുന്ന മൃഗങ്ങൾ, പകരുന്ന രീതി എന്നിവയെ കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം വളർത്തുക
3. മൃഗങ്ങളുടെ കടി, മാന്തൽ, പോറൽ എന്നിവ ഏറ്റാൽ രക്ഷിതാക്കളേയോ, അധ്യാപകരേയോ ഉടനടി വിവരം അറിയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക
4. സ്കൂളിലേക്ക് വരുന്ന വഴിയിൽ തെരുവ് നായ ആക്രമിച്ചാൽ നിർബന്ധമായുംസ്കൂൾടീച്ചറോട്യാതൊരും മടിയും കൂടാതെ പറയേണ്ടതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുക
5. പ്രഥമശുശ്രുഷ നൽകിയതിന് ശേഷം എത്രയും വേഗം കുട്ടിയെ ആശുപത്രിയിൽ എത്തിച്ചു വാക്സിൻ നൽകുക
6. സ്കൂളിൽ പ്രഥമശുശ്രുഷ കിറ്റ് കരുതുകയും അതിൽ കൈയുറ നിർബന്ധമായും ഉണ്ടാവുകയും ചെയ്യുക.

**പേവിഷബാധ പ്രതിരോധം**

# സ്കൂളുകളിൽ പ്രത്യേക ബോധവൽക്കരണ അസംബ്ലി



തിരുവനന്തപുരം: പേവിഷബാധയ്ക്കെതിരെ ആരോഗ്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂളുകളിൽ പ്രത്യേക ബോധവത്ക്കരണ അസംബ്ലി സംഘടിപ്പിച്ചു. ജൂൺ 30ന് സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും സംഘടിപ്പിച്ച പരിപാടിയിൽ പേവിഷബാധയ്ക്ക് എതിരെ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകളും നടത്തി. സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ സംഘടിപ്പിച്ച അസംബ്ലികളിൽ പ്രദേശത്തെ ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, നഗര ആരോഗ്യ കേന്ദ്രങ്ങൾ, എന്നിവിടങ്ങളിൽ നിന്നുള്ള ഡോക്ടർമാർ, മറ്റ് ആരോഗ്യപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിലാണ് ക്ലാസുകൾ നടത്തിയത്. ജില്ലകളിലെ ഒരു പ്രധാന സ്കൂളിൽ ജില്ലാ കളക്ടർ, ജനപ്രതിനിധികൾ, ആരോഗ്യ–വിദ്യാഭ്യാസ വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിൽ ജില്ലാതല പരിപാടിയും ഇതിന്റെ ഭാഗമായി ഉണ്ടായിരുന്നു.

മൃഗങ്ങളുടെ കടിയേറ്റാൽ പ്രഥമ ശുശ്രൂഷയും വാക്സിനും വളരെ പ്രധാനമാണ്. കടിയേറ്റാൽ കുട്ടികൾക്ക് പെട്ടെന്ന് രോഗബാധയുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. മൃഗങ്ങളുടെ കടിയോ മാന്തലോ, പോറലോ ഏറ്റാൽ രോഗ പ്രതിരോധത്തിന്റെ ഭാഗമായി നൽകേണ്ട പ്രഥമ ശുശ്രൂഷ, വാക്സിനേഷൻ, മൃഗങ്ങളോട് ഇടപഴകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെപ്പറ്റി കുട്ടികൾക്കും അധ്യാപകർക്കും വിശദമായ ക്ലാസുകൾ നടത്തി.

ഇതിന്റെ തുടർച്ചയെന്നോണം ജൂലൈ മാസത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെ അധ്യാപകർക്കും, രക്ഷകർത്താക്കൾക്കും, പി.ടി.എ. യോഗങ്ങളിലൂടെ സമാനമായ ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കും. കൂടാതെ കുട്ടികൾക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്ന ലഘുലേഖകളും വിഡിയോകളും പോസ്റ്ററുകളും തയ്യാറാക്കി പ്രചരണം നടത്തും. ഇതിലൂടെ കുട്ടികളിലും അവരിലൂടെ വീട്ടിലുള്ളവർക്കും അവബോധം നൽകാൻ ഏറെ സഹായിക്കും.



ഇന്ത്യയിൽ ആദ്യമായി വികസിത രാജ്യങ്ങളിലെ

# നൂതന പ്രീ സിംപ്റ്റമാറ്റിക് ചികിത്സ കേരളത്തിലും

**അപൂർവരോഗ ചികിത്സയിൽ ചരിത്ര മുന്നേറ്റവുമായി ആരോഗ്യ വകുപ്പ്**



**എസ്.എം.എ. ബാധിച്ച തിരുവനന്തപുരം സ്വദേശിയായ മാതാവാണ് തങ്ങളുടെ ജനിക്കാൻ പോകുന്ന കുട്ടിയ്ക്കും രോഗസാധ്യത മനസിലാക്കി ആ കുഞ്ഞിനെയെങ്കിലും രക്ഷിക്കാൻ സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചത്**

തിരുവനന്തപുരം: ഇന്ത്യയിൽ ആദ്യമായി സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ.) രോഗം ബാധിച്ച കുഞ്ഞിന് ജനിച്ച് ദിവസങ്ങൾക്കുള്ളിൽ പ്രീ സിംപ്റ്റമാറ്റിക് ചികിത്സ നൽകി കേരളം. അപൂർവ രോഗ ചികിത്സയിൽ നിർണായക ചുവടുവയ്പ്പാണിത്. അമേരിക്ക, കാനഡ, തുടങ്ങിയ വികസിത രാജ്യങ്ങളിൽ എസ്.എം.എ രോഗ ചികിത്സയിൽ ഏറ്റവും ഫലപ്രദമായി വിലയിരുത്തിയിട്ടുള്ള പ്രീ സിംപ്റ്റമാറ്റിക് (Pre symptomatic) ചികിത്സയാണ് കേരളത്തിലും വിജയകരമായി നടത്തിയത്. തിരുവനന്തപുരം സ്വദേശിയായ യുവതിയുടെ രണ്ടാമത്തെ കുഞ്ഞിനാണ് വിലപിടിപ്പുള്ള റിസ്ഡിപ്ലം മരുന്ന് സൗജന്യമായി നൽകി ചികിത്സ നടത്തിയത്. രാജ്യത്തിന് മാതൃകയായി ലോക നിലവാരത്തിലുള്ള നൂതന ചികിത്സ നൽകിയ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ജനിതകമായ വൈകല്യങ്ങളും അതിന്റെ റിസ്ക് ഫാക്ടറും നേരത്തെ തിരിച്ചറിയാൻ കഴിയാത്തതാണ് പലപ്പോഴും എസ്.എം.എ രോഗത്തിന് വെല്ലുവിളിയാകുന്നത്. എന്നാൽ പ്രീ സിംപ്റ്റമാറ്റിക് ചികിത്സയിലൂടെ ഗർഭാവസ്ഥയിലോ കുഞ്ഞ് ജനിച്ച് ദിവസങ്ങൾക്കുള്ളിലോ എസ്.എം.എ രോഗത്തിനുള്ള മരുന്നു നൽകി ചികിത്സ ആരംഭിക്കാനാകും. ഇത്തരത്തിൽ ചികിത്സ നൽകുന്നത് വഴി കുട്ടികൾ 100 ശതമാനം സാധാരണ വളർച്ച കൈവരിക്കാറുണ്ട്.

എസ്.എം.എ. ബാധിച്ച തിരുവനന്തപുരം സ്വദേശിയായ മാതാവാണ് തങ്ങളുടെ ജനിക്കാൻ പോകുന്ന കുട്ടിയ്ക്കും രോഗസാധ്യത മനസിലാക്കി ആ കുഞ്ഞിനെയെങ്കിലും രക്ഷിക്കാൻ സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചത്. ഇത് ശ്രദ്ധയിൽപ്പെട്ട മന്ത്രി വീണാ ജോർജ് ആവശ്യമായ ഇടപെടലുകൾ നടത്താൻ ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർക്ക് നിർദേശം നൽകി. തുടർന്ന് തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലാണ് ചികിത്സ ഉറപ്പാക്കിയത്. രോഗതീവ്രത മനസിലാക്കി ഗർഭാവസ്ഥയിലുള്ള കുഞ്ഞിന്റെ ഓരോ ഘട്ടവും വിദഗ്ധ സമിതി പരിശോധിച്ചാണ് ചികിത്സ ക്രോഡീകരിച്ചത്. ഇതിനായി ജനിതക കൗൺസിലിങ്ങുകൾ നൽകുകയും വികസിത രാജ്യങ്ങളിലെ സമാന സംഭവങ്ങളിലെ പ്രോട്ടോകോളുകൾ പാലിക്കുകയും ചെയ്താണ് ചികിത്സ നൽകിയത്.

അച്ഛനും അമ്മയും വൈകല്യം സംഭവിച്ച എസ്.എം.എ ജീൻ വാഹകരാകുമ്പോൾ അവരുടെ ഓരോ കുട്ടിയ്ക്കും ഈ രോഗം ഉണ്ടാകാനുള്ള സാധ്യത 50 ശതമാനമാണ്. ഇന്ത്യയിൽ ഓരോ 7000 കുട്ടികൾ ജനിക്കുമ്പോൾ ഒരു കുട്ടിക്ക് ഈ രോഗം കണ്ടെത്താനുള്ള സാധ്യതയുണ്ട് എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

അപൂർവ രോഗം ബാധിച്ച കുട്ടികളുടെ സമഗ്ര പരിചരണം ഉറപ്പുവരുത്താനായി ഇന്ത്യയിൽ ആദ്യമായി ഈ സർക്കാരിന്റെ കാലത്ത് പ്രത്യേക പദ്ധതി രൂപീകരിച്ചു. രോഗങ്ങൾ അപൂർവമാകാം പക്ഷെ പരിചരണം അപൂർണമാകരുത് എന്ന സർക്കാരിന്റെ നയമാണ് 2024ൽ കെയർ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഇതിലൂടെ എസ്.എം.എ. അടക്കമുള്ള അപൂർവ രോഗങ്ങൾ ബാധിച്ച 100 ഓളം കുട്ടികൾക്ക് വിലയേറിയ മരുന്നും നട്ടെലിന്റെ വളവ് നിവർത്തുന്ന ശസ്ത്രക്രിയയും സൗജന്യമായി നൽകി വരുന്നു.



ആന്റിബയോട്ടിക് പ്രതിരോധ അവബോധ വാരാചരണം

# ജില്ലാതല പ്രവർത്തന റിപ്പോർട്ട് പുറത്തിറക്കി



**സമ്പൂർണ ആന്റിബയോട്ടിക് സാക്ഷരതയിലേക്ക് സുപ്രധാന ചുവടുവയ്പ്പ്**

തിരുവനന്തപുരം: ലോക ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് അവബോധ വാരാചരണത്തിന്റെ ഭാഗമായി ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാനായി സംസ്ഥാന വ്യാപകമായി നടത്തിയ പ്രവർത്തനങ്ങളുടെ ജില്ലാതല റിപ്പോർട്ട് (ഡബ്ല്യു.എ.എ.ഡബ്ല്യു. 2024) ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പുറത്തിറക്കി. 395 തദ്ദേശ സ്ഥാപനങ്ങളും 734 ആശുപത്രികളും ചേർന്ന് 2852 വിവിധ പരിപാടികൾ സംഘടിപ്പിച്ചു. 437 സർക്കാർ ആശുപത്രികൾ സ്ഥാപനതല പരിപാടികൾ സംഘടിപ്പിച്ചു. കൂടാതെ 404 സ്വകാര്യ ആശുപത്രികൾ പങ്കാളികളായി. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി 5710 പരിപാടികൾ സംഘടിപ്പിച്ചു. 2238 വിദ്യാഭ്യാസ സ്ഥാപനങ്ങളും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. 21,465 വോളന്റിയർമാർ 3.27 ലക്ഷം വീടുകൾ സന്ദർശിച്ചു. 1530 സ്വകാര്യ ഫാർമസികൾ അവബോധത്തിൽ പങ്കാളികളായി. അര ലക്ഷത്തിലധികം അവബോധ പോസ്റ്ററുകളും 316 വീഡിയോകളും പുറത്തിറക്കി. ഇതിലൂടെ രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും മന്ത്രി വ്യക്തമാക്കി.

**ആന്റിബയോട്ടിക് റെസിസ്റ്റൻസ് കുറയ്ക്കാനായി പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. മിക്ക അണുബാധകളും വൈറസുകൾ മൂലമാണ് ഉണ്ടാകുന്നത്. അതിനാൽ, ഇവയ്ക്കെതിരെ ആന്റിബയോട്ടിക്കുകൾ ഫലപ്രദമല്ല.
2. ഡോക്ടർ നിർദേശിക്കുമ്പോൾ മാത്രം ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുക. ഒരിക്കലും ആന്റിബയോട്ടിക്കുകൾ ആവശ്യപ്പെടുകയോ ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വാങ്ങി കഴിക്കുകയോ ചെയ്യരുത്.
3. ഒരിക്കൽ നിർദേശിച്ച ആന്റിബയോട്ടിക്കുകൾ കുറിപ്പടി ഉപയോഗിച്ച് മറ്റൊരുവസരത്തിൽ വീണ്ടും വാങ്ങി കഴിക്കരുത്. ആന്റിബയോട്ടിക്കുകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കരുത്.
4. അസുഖം ഭേദമായി എന്നു തോന്നിയാലും ഡോക്ടർ നിർദേശിച്ച കാലയളവിലേക്ക് ആന്റിബയോട്ടിക്കുകൾ നിർബന്ധമായും കഴിക്കേണ്ടതാണ്.
5. ചികിത്സ കഴിഞ്ഞ് ശേഷിക്കുന്ന ആന്റിബയോട്ടിക്കുകൾ ഒരിക്കലും ഉപയോഗിക്കരുത്. ശേഷിക്കുന്നതോ കാലഹരണപ്പെട്ടതോ ആയ ആന്റിബയോട്ടിക്കുകൾ കരയിലേക്കോ ജലാശയങ്ങളിലേക്കോ വലി ച്ചെറിയരുത്.
6. എ.എം.ആർ തടയാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം രോഗം വരാതെ നോക്കുക എന്നതാണ്. അണുബാധ തടയുന്നതിന് പതിവായി കൈ കഴുകുകയും രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുകയും പ്രതിരോധ കുത്തിവെയ്പ്പുകൾ കാലാനുസൃതമായി എടുക്കുകയും ചെയ്യുക.
7. ആന്റിബയോട്ടിക്കുകൾക്ക് ജീവൻ രക്ഷിക്കാൻ കഴിയും. എന്നാൽ അനാവശ്യമായ ആന്റിബയോട്ടിക്ക് ഉപയോഗം ആന്റിബയോട്ടിക് പ്രതിരോധത്തിൽ കലാശിക്കും.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. വിശ്വനാഥൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. റീത്ത, ഐഎവി ഡയറക്ടർ ഡോ. ശ്രീകുമാർ, കാർസാപ്പ് കൺവീനർ ഡോ. അരവിന്ദ്, ഡോ. ശിവപ്രസാദ്, ഡോ. ആര്യ എന്നിവർ പങ്കെടുത്തു.

കൗമാരം എരിഞ്ഞുതീരാതിരിക്കാൻ

# പുകയില രഹിത വിദ്യാലയം കാമ്പയിൻ ഏറ്റെടുത്ത് മലപ്പുറം



മലപ്പുറം: ആനന്ദം ആരോഗ്യം 2.0 കാമ്പയിന്റെ ഭാഗമായി പുകയില രഹിത വിദ്യാലയം കാമ്പയിൻ പ്രവർത്തനങ്ങൾ ആവേശത്തോടെ ഏറ്റെടുത്ത് മലപ്പുറം ജില്ല. ജില്ലയിൽ 1571 സ്കൂളുകളാണുള്ളത്. ഓരോ ആരോഗ്യസ്ഥാപനത്തിന്റെയും നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ഇതുവരെ ജില്ലയിൽ 93 വിദ്യാലയങ്ങൾ പുകയില രഹിത വിദ്യാലയമാക്കി. ആരോഗ്യപ്രവർത്തകരുടേയും വിദ്യാലയ അധികൃതരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പോലീസ് , എക്സൈസ് തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളുടേയെല്ലാം സഹകരണത്തോടെയാണ് ഈ പ്രവർത്തനങ്ങൾ സാധ്യമാക്കിയത്.

പുകയില രഹിത വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാലയ ക്യാമ്പസുകളുടെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള നിരോധനം ശക്തമായി നടപ്പിൽ വരുത്തുന്നു. ഇതിന്റെ മുന്നോടിയായി കടകളിൽ പരിശോധന നടത്താൻ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ പ്രത്യേക സ്ക്വാഡുകൾക്ക് രൂപം നൽകി. വിദ്യാലയ അധികൃതർ, പൊലീസ്, എക്സൈസ്, ഭക്ഷ്യസുരക്ഷാ വകുപ്പുകൾ, തദ്ദേശ സ്ഥാപനങ്ങൾ, പിടിഎ എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്നതാണ് പരിശോധനാ സ്ക്വാഡ്. പുകയില രഹിത വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാലയ പരിസരങ്ങളിൽ പുകയില ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതും പിഴ ഈടാക്കുന്നതും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. പുകയില ഉൽപ്പന്നങ്ങൾ വിൽക്കാൻ പാടില്ലാത്ത പ്രദേശങ്ങൾ പ്രത്യേകമായി അടയാളപ്പെടുത്തുകയും ഇവിടെ പുകയില ഉൽപ്പന്ന നിരോധിത മേഖലയെന്ന ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. വിവിധ മൽസരങ്ങൾ, പ്രതിജ്ഞ, ബോധവൽക്കരണ ക്ലാസ്സുകൾ, നാടകങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളും നടന്നു വരുന്നു.

കോട്പ നിയമപ്രകാരം എല്ലാ വിദ്യാലയങ്ങളിലും പുകയില രഹിത വിദ്യാലയം എന്നെഴുതിയ നിശ്ചിത വലിപ്പത്തിലുള്ള ബോർഡുകളും സ്ഥാപിച്ചു വരുന്നു.

പുകയില ഉപയോഗത്തിൽ നിന്ന് പ്രായപൂർത്തിയാകാത്തവരെയും യുവാക്കളെയും സംരക്ഷിക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

# അരികിലുണ്ട്... ആരോഗ്യം കാക്കുന്നവർ

## നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ സേവനങ്ങൾ അറിയാം... വലിയശാലയിലെ വിശേഷങ്ങളിലൂടെ...




തിരുവനന്തപുരം: ചെറിയൊരു പനിയല്ലേ ഉള്ളൂ, പാരസിറ്റമോൾ കഴിക്കാം എന്ന് ചിന്തിക്കുന്നവരാകും പലരും. ആരംഭത്തിലേ ചികിത്സിച്ചാൽ ഭേദമാക്കാവുന്ന രോഗങ്ങളെല്ലാം സങ്കീർണമാകുന്നതിന് പ്രധാന കാരണമിതാണ്. ആശുപത്രി സന്ദർശനം മടിച്ച് സ്വയം ചികിത്സ ചിലപ്പോൾ ജീവൻ തന്നെ അപഹരിച്ചേക്കാം. 'സാധാരണക്കാർക്ക് പ്രയോജനമാകുന്ന രീതിയിൽ മികച്ച ചികിത്സയും ആരോഗ്യ ബോധവത്കരണ സേവനവും നൽകുന്നതിന് നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിലൂടെ സാധിക്കുന്നു. നിർദ്ദിഷ്ട സേവനങ്ങൾക്ക് പുറമേ മൂന്ന് മാസത്തിലൊരിക്കൽ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കാറുണ്ട്.' വലിയശാല വാർഡ് കൗൺസലർ കൃഷ്ണകുമാർ പറയുന്നു.

വലിയശാല വാർഡിലെ നഗര ജനകീയ ആരോഗ്യ കേന്ദ്രത്തെ ആശ്രയിക്കുന്നവർ നിരവധിയാണ്. വീട്ടമ്മമാർ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ എന്നിവർ ചികിത്സയ്ക്കായി ഈ കേന്ദ്രത്തിലെത്താറുണ്ട്. ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രികളിലെ തിരക്ക് ഒരുപരിധിവരെ കുറയ്ക്കാനും ഈ കേന്ദ്രങ്ങളിലൂടെ സാധിക്കുന്നു. ചികിത്സ തേടാൻ ദീർഘ ദൂരം സഞ്ചരിക്കണമെന്നുള്ളതിനാലും ആശുപത്രികളിലെത്തിയാൽ രോഗികളുടെ എണ്ണത്തിലെ വർദ്ധനയും കാരണം ആശുപത്രികളിൽ പോകാൻ മടിച്ചിരുന്നവർ പോലും ഇപ്പോൾ നഗര ജനകീയ ആരോഗ്യ കേന്ദ്രത്തെ ആശ്രയിക്കുന്നു. വീടുകൾ, ഓഫീസുകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതിനടുത്തായതിനാൽ രോഗ ലക്ഷണങ്ങൾ പ്രകടമാകുമ്പോൾ തന്നെ ജനങ്ങൾ ആരോഗ്യ കേന്ദ്രത്തിലെത്താറുണ്ട്. വിദഗ്ധ ചികിത്സ ആവശ്യമായവർക്ക് ഇ സഞ്ജീവനി മുഖേന വീഡിയോകോളിലൂടെ ഡോക്ടറിനെ കാണാനുള്ള സൗകര്യവും ഈ കേന്ദ്രത്തിലുണ്ട്. മെഡിക്കൽ ഓഫീസറിന്റെയും സ്റ്റാഫ് നഴ്സുമാരുടെയും നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും ആരോഗ്യ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുമുണ്ട്. വലിയശാല വാർഡ് കൗൺസലർ കൃഷ്ണകുമാറിന്റെ നേതൃത്വത്തിൽ മൂന്ന് മാസത്തിലൊരിക്കൽ സർക്കാർ സ്വകാര്യ ആശുപത്രികളുടെ സഹകരത്തോടെ സ്പെഷ്യൽമെഡിക്കൽക്യാമ്പുകൾസംഘടിപ്പിക്കുന്നു. ജനറൽ മെഡിസിൻ, നേത്ര പരിശോധന, ദന്ത പരിശോധന തുടങ്ങിയ ക്യാമ്പുകളിലായി അഞ്ഞൂറോളം പേർ പങ്കെടുത്തു. ആർ.സി.സി.യുടെ സഹകരണത്തോടെ സ്ത്രീകളിലെ ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പ് സംഘടിപ്പിക്കാനുള്ള തിരക്കിലാണ് കൗൺസിലറും വലിയശാല വാർഡിലെ നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരും.

വായിലെ ഉണങ്ങാത്ത മുറിവിന് ചികിത്സ തേടിയെത്തിയ യുവാവിനെ പരിശോധിച്ച ശേഷം അടിയന്തിരമായി മെഡിക്കൽ കോളജിലേയ്ക്ക് വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുകയായിരുന്നു ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ. മെഡിക്കൽ കോളജിലെ വിശദമായി പരിശോധനയിൽ യുവാവിന് വായിൽ ക്യാൻസറെന്ന് സ്ഥിരീകരിക്കുകയായിരുന്നു. കൃത്യ സമയത്ത് രോഗം കണ്ടെത്താൻ സഹായിച്ച ഡോക്ടറിനോട് എന്നും സ്നേഹവും ബഹുമാനവുമാണെന്നും മുറുക്കാൻ ശീലം നിർത്തലാക്കാൻ നിരന്തരം കൗൺസിലിംഗ് നൽകിയതിനു കടപ്പാടുണ്ടെന്നും യുവാവ് പറയുന്നു.

ഒരു നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിന് 15000 ജനസംഖ്യ എന്ന അടിസ്ഥാനത്തിൽ ഒരു മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ, രണ്ട് സ്റ്റാഫ് നഴ്സ് എന്നിവരുടെ സേവനം ഇവിടെ ലഭ്യമാണ്. തിങ്കൾ മുതൽ ശനി വരെ ഉച്ചയ്ക്ക് 1 മണി മുതൽ വൈകിട്ട് 7 വരെ ആരോഗ്യ സേവനങ്ങൾ ലഭ്യമാകും. ഒ.പി., ഫാർമസി സേവനങ്ങൾ, പ്രഥമ ശുശ്രൂഷ, പകർച്ചവ്യാധികളുടെയും ജീവിത ശൈലീ രോഗത്തിന്റെയും സ്ക്രീനിംഗ്, ക്ഷയരോഗ നിർണയ പരിശോധനയും ചികിത്സയും കുടുംബാസൂത്രണ മാർഗ്ഗങ്ങളുടെ വിതരണം, ആരോഗ്യകരമായ ഭക്ഷണ രീതികൾ, 14 ഇന പരിശോധനകൾ, കൗൺസിലിംഗ് തുടങ്ങിയ സൗജന്യ സേവനങ്ങൾ ലഭ്യമാണ്. നിലവിൽ 28 നഗര ജനകീയ ആരോഗ്യകേന്ദ്രങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നു.

### ലഭ്യമായ പരിശോധനകൾ

1. ഹീമോഗ്ലോബിൻ
2. ഹ്യൂമൻ കോറിയോണിക് ഗോണഡോട്രോപിൻ (HCG) (ഗർഭധാരണത്തിനായുള്ള മൂത്ര പരിശോധന)
3. സ്പേസഫിക് ഗ്രാവിറ്റി, ല്യൂക്കോസൈറ്റ് എസ്റ്ററേസ് ഗ്ലൂക്കോസ്, ബിലിറൂബിൻ, കെറ്റോൺ, ഹീമോഗ്ലോബിൻ, പ്രോട്ടീൻ, നൈട്രൈറ്റ് എന്നിവയ്ക്കുള്ള മൂത്ര പരിശോധന
4. ബ്ലഡ് ഷുഗർ
5. മലേറിയ പരിശോധന
6. HIV (HIV 1 & 2 എന്നിവയ്ക്കുള്ള ആന്റി ബോഡികൾ)
7. ഡെങ്കിപ്പനി
8. വിഷ്വൽ പരിശോധന – അസറ്റിക് ആസിഡ്
9. ഉപ്പിലെ അയോഡിൻ പരിശോധന (ഭക്ഷണത്തിനായി ഉപഗോയിക്കുന്ന)
10. മലമൂത്ര വിസർജ്ജനത്തിനും ക്ലോറിനേഷനും ഉള്ള ജല പരിശോധന
11. ഹെപ്പറ്റൈറ്റിസ് ബി യ്ക്കുള്ള ഒയരെഴ പരിശോധന
12. ഫൈലേറിയാസിസ് (പ്രാദേശിക പ്രദേശങ്ങൾ മാത്രം)
13. സിഫിലിസിനുള്ള റാപ്പിഡ് ടെസ്റ്റ് കിറ്റ്
14. AFB യ്ക്കുള്ള കഫം പരിശോധന.



ചിത്രങ്ങൾ വരച്ച്

# പുകയില വിരുദ്ധ ബോധവത്കരണം

## ദന്തരോഗ നിർണയ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു



കൊല്ലം : പുകയില വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസ്, ആരോഗ്യകേരളം, ജില്ലാ ടി.ബി ഓഫീസ് എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ ബോധവത്കരണ ചിത്ര രചന ക്യാമ്പും, സൗജന്യ ദന്തരോഗ നിർണയ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. കൊല്ലം ജില്ലാ ടി.ബി ഓഫീഡിൽ സംഘടിപ്പിച്ച ചടങ്ങിന്റെ ഉദ്ഘാടനം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ എ അനിത നിർവഹിച്ചു. ചടങ്ങിൽ ക്യാൻസർ ബോധവത്കരണ ക്യാമ്പയിനായ ആരോഗ്യം : ആനന്ദം 2.0 യ്ക്കും തുടക്കം കുറിച്ചു. ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ജില്ലയിൽ വിവിധ ബോധവത്കരണ പരിപാടികൾ സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ചു നടത്തുന്നതും ഇതോടൊപ്പം, ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിലെ താലൂക്ക് താലൂക്ക് ആസ്ഥാന ആശുപത്രികളിൽ വിവിധ ക്യാൻസർ രോഗ നിർണായ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതുമാണ്. ചടങ്ങിൽ ഇന്ത്യൻ റെയർ ഏർത്ത് ലിമിറ്റഡിൽ നിന്നും സി.എസ്.ആർ ഫുപയോഗിച്ചു ലഭ്യമാക്കിയ വാഹനം, ഹാൻഡ് ഹെൽഡ് എക്സ്റേ, പബ്ലിക് അഡ്രസ്സിങ് സിസ്റ്റം എന്നിവയുടെ ഉദ്ഘാടനവും നിർവഹിച്ചു. പൊതുജനങ്ങളെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യ ഫലങ്ങളെ കുറിച്ച് ബോധവാന്മാരാക്കുക, യുവാക്കൾക്കിടയിൽ വളർന്നു വരുന്ന സിന്തറ്റിക് ലഹരി അടക്കമുള്ളവയുടെ ഉപയോഗത്തെ ഇല്ലാതാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചത്. മെഡിക്കൽ ക്യാമ്പിൽ പൊതുജനങ്ങൾക്കായുള്ള സൗജന്യ ദന്തരോഗ നിർണയം, തുടർ പരിശോധനകൾ എന്നിവയും ഉറപ്പാക്കാക്കി. പുകയില വിരുദ്ധ ബോധവത്കരണ ചിത്ര രചന ക്യാമ്പിൽ കേരളത്തിലെ പ്രസ്തരായ പതിനഞ്ചോളം ചിത്രകാരന്മാർ പങ്കെടുത്തു. ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ജ്യോതിഷ് ഹരി സ്വാഗതം ആശംസിച്ചു. ഡോ അനു എം എസ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രശസ്ത ചിത്രകാരനും ശില്പിയും ചിത്ര രചന ക്യാമ്പ് കോർഡിനേറ്ററുമായ അഭിലാഷ് ചിത്രമൂല നന്ദി രേഖപ്പെടുത്തി. ജില്ലാ ടി,ബി ഓഫീസർ ഡോ സാജൻ മാത്യൂസ്, ഡോ ഹരികൃഷ്ണൻ, വിവിധ ആരോഗ്യ വകുപ്പ് ജീവനക്കാർ, നഴ്സിംഗ് വിദ്യാർഥികൾ പങ്കെടുത്തു.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ഡോ. വിനയ് ഗോയൽ ഐ.എ.എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

സീനിയർ എഡിറ്റർ
**ഡോ. രാഹുൽ യു.ആർ**
സ്റ്റേറ്റ് നോഡൽ ഓഫീസർ
ബി.സി.സി

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡി&സി), ഇടുക്കി

**ധാനി പ്രിയൻ**
കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ

**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്

**വിനു എ**
കൺസൾട്ടന്റ് (ഡി&സി), എറണാകുളം

**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡി&സി), കോട്ടയം

**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ

**വർഷ ജയപ്രകാശ്**
കൺസൾട്ടന്റ് (ഡി&സി), തിരുവനന്തപുരം

**പ്രീത എം**
ജെ.സി (ഡി&സി), പാലക്കാട്

**ദിവ്യ ഇ ആർ**
കൺസൾട്ടന്റ് (ഡി&സി), മലപ്പുറം

**ബിൻസി രവീന്ദ്രൻ**
ജെ.സി (ഡി&സി), കണ്ണൂർ

**കമൽ കെ ജോസഫ്**
ജെ.സി (ഡി&സി), കാസറഗോഡ്

**നിജിൽ കെ എസ്**
ജെ.സി (ഡി&സി), വയനാട്

**അജിത് കുമാർ പി എ**
ജെ.സി (ഡി&സി), പത്തനംതിട്ട

**അശ്വിനി രവീന്ദ്രൻ**
ജെ.സി (ഡി&സി), കൊല്ലം

**ശ്രീദേവി കെ എസ്**
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്

ഡോ. വീണ ഹർഷൻ
നോഡൽ ഓഫീസർ,
ഡി.എം.എച്ച്.പി,
കണ്ണൂർ

## 'ലഹരി'യില്ലാതെ

# ജീവിതം ആഘോഷിക്കാം




'പ്രിവെൻഷൻ, ട്രീറ്റ്മെന്റ്, ആൻഡ് ജസ്റ്റിസ് സിസ്റ്റംസ്' എന്നാണ് 2025ലെ ലഹരി വിരുദ്ധ ദിനചാരണത്തിന്റെ പ്രമേയം. 1987 ൽ ഐക്യ രാഷ്ട്ര സഭയാണ് ലഹരി വിരുദ്ധ ദിനം എന്ന ആശയം മുന്നോട്ട് വെച്ചത്.

ലഹരിയുടെ സ്വാധീനം എത്രത്തോളം വ്യക്തികളെയും സമൂഹത്തെയും ബാധിക്കുന്നു എന്ന് ലോകത്തെ ഓർമ്മിപ്പിക്കാൻ ഈ ദിവസം സഹായിക്കുന്നു. ലഹരിയുമായി ബന്ധപ്പെട്ട 'ബോധവൽക്കരണം, പ്രതിരോധം, പുനരധിവാസം എന്നീ പ്രവർത്തനങ്ങൾക്ക് ഈ ദിവസം നേതൃത്വം നൽകുന്നു. മയക്കുമരുന്നുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക, പൊതുജന ആരോഗ്യം ശക്തിപ്പെടുത്തുക. ലഹരിക്കെതിരെ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ ദിവസം ആചരിക്കാൻ തീരുമാനിച്ചത്.

ഇന്ന് ലഹരിക്ക് അടിമകളായി പലരും നിരവധി അക്രമങ്ങൾ സ്വന്തം കുടുംബത്തിലും സമൂഹത്തിലും നടത്തുന്നുണ്ട്. ആരോഗ്യകരമായ ഒരു യുവ തലമുറയെ സൃഷ്ടിക്കുന്നതിനും ലഹരിമുക്തമായ ഒരു സമൂഹത്തെ നിർമ്മിക്കാനും ലഹരി വിരുദ്ധ ദിനാചാരണം നല്ല പങ്ക് വഹിക്കുന്നുണ്ട്. ലഹരിക്ക് അടിമപ്പെടുന്നവരെ ശിക്ഷിക്കുകയല്ല മറിച്ച് അവർക്ക് ലഹരിയിൽ നിന്നും കയറിവരാൻ ഉള്ള കൈത്താങ്ങ് നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ വർഷം പ്രവർത്തിക്കുന്നത്.

### എന്താണ് ലഹരി വസ്തുക്കൾ?

ഒരു വ്യക്തിയുടെ മാനസികമോ ശാരീരികമോ ആയ അവസ്ഥയെ മാറ്റുന്ന പദാർത്ഥങ്ങളാണ് ലഹരി വസ്തുക്കൾ. അവ വ്യക്തിയുടെ മസ്തിഷ്കത്തിന്റെ പ്രവർത്തനരീതി, പെരുമാറ്റം, വികാരങ്ങൾ എന്നിവയൊക്കെ ബാധിക്കുന്നു. ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിനു സുരക്ഷിതമായ തലമൊന്നും ഇല്ല അതിനാൽ ഒരു തവണ ഉപയോഗിക്കുന്നത് പോലും വ്യക്തിയെ സ്വാധീനിക്കുന്നു. ലഹരി വസ്തുവിനോടുള്ള ആസക്തി വിട്ടുമാറാത്ത ഒരു മസ്തിഷ്ക രോഗമാണ് ഇത് ഒരു വ്യക്തിയെ ലഹരിവസ്തുക്കൾ ആവർത്തിച്ചു ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നു.

### ലഹരിവസ്തുക്കളുടെ ഉപയോഗത്തിലേക്ക് നയിക്കുന്ന അപകട ഘടകങ്ങൾ

**അനുകരണ വാസന**

കുട്ടികളെ സ്വാഭാവിക അനുകരണ വാസന മുതിർന്നവരുടെ ദുശീലം അവരിലേക്ക് എത്തിക്കുന്നു

**അവഗണന**

വീട്ടുകാരാലും സുഹൃത്തുക്കളാലും അവഗണിക്കപ്പെടുന്നവർ ലഹരിയിൽ അടിമപ്പെടാൻ സാധ്യതയുണ്ട്.

**സുഹൃത്തുക്കളുടെ സ്വാധീനം, മാധ്യമങ്ങളുടെ സ്വാധീനം,**

**അറിവില്ലായ്മ, ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ**

### മാനസിക രോഗങ്ങൾ

**ലഹരി മരുന്നുപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ലക്ഷണങ്ങൾ**

1. പഠനത്തിൽ താൽപര്യം കുറയുക
2. പ്രായത്തിൽ കവിഞ്ഞ സുഹൃത്ത് ബന്ധങ്ങൾ
3. മാനസിക വിഭ്രാന്തി കാണിക്കുകയോ നിഷേധാത്മക പെരുമാറ്റം കാണിക്കുക അല്ലെങ്കിൽ എപ്പോഴും വിഷമിച്ചിരിക്കുക.
4. ഒറ്റക്കിരിക്കാൻ താൽപര്യം കാണിക്കുക
5. ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുക
6. അമിതമായ ഉറക്കം
7. അനാവശ്യ കാര്യങ്ങൾക്ക് വഴക്കുണ്ടാക്കുക
8. ദൈനം ദിന കാര്യങ്ങളിൽ താല്പര്യം കുറയുക
9.ശരീരത്തിൽ പോറലുകളും മുറിപ്പാടുകളും കാണപ്പെടുക.
10. പ്രിയപ്പെട്ടതായിരുന്ന പലതിലും താല്പര്യക്കുറവ്.
11. ഉത്തരവാദിത്വം ഇല്ലാത്ത അവസ്ഥ
12. ആത്മവിശ്വാസക്കുറവ്, മടി
13. തീരുമാനങ്ങൾ എടുക്കാനുള്ള കഴിവില്ലായ്മ
14. അപകടസാധ്യതകൾ ഗൗനിക്കാതെയുള്ള എടുത്തുചാട്ടം, സ്വയം ഉപദ്രവിക്കാൻ ശ്രമിക്കുക
15. അക്രമം, കുറ്റകൃത്യങ്ങൾ

### ലഹരി ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ

1. മാനസിക പ്രശ്നങ്ങൾ
2. ഓർമ്മക്കുറവ്
3. വിളർച്ച
4. കാൻസർ.
5. പക്ഷാഘാതം
6. വയറിലെ അൾസർ

* കരൾ രോഗങ്ങൾ
* ഞരമ്പ് രോഗങ്ങൾ
* അപസ്മാരം
* ശ്വാസംമുട്ടൽ
* HIV, HepatitisB, Hepatitis C Infections

### ലഹരി ഉപയോഗം മൂലം ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങൾ

സാമ്പത്തിക പ്രശ്നങ്ങൾ, തകർന്ന കുടുംബബന്ധങ്ങൾ, കുട്ടികളിലെ മാനസിക വൈകല്യങ്ങൾ, അക്രമം കുറ്റകൃത്യങ്ങൾ, തൊഴിൽ പ്രശ്നങ്ങൾ, നിയമ പ്രശ്നങ്ങൾ, ആത്മഹത്യ, റോഡ് അപകടങ്ങൾ

### ലഹരിയിൽ പെടാതെ കുട്ടികളെ രക്ഷിക്കാനുള്ള മാർഗങ്ങൾ

1. മാതാപിതാക്കളുമായോ മറ്റു പരിചരണ വ്യക്തികളുമായോ സുരക്ഷിതമായ അടുപ്പം, മദ്യത്തിന്റെയും മയക്കു മരുന്നുകളുടെയും ദോഷഫലങ്ങളെ കുറിച്ചുള്ള അറിവ്, മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന വ്യക്തിത്വം വളർത്തിയെടുക്കുക, മാതാപിതാക്കൾ ദുശ്ശീലങ്ങൾ ഒന്നും ചെയ്യാതെ കുട്ടികൾക്ക് മാതൃക കാണിക്കുക, നല്ല വിദ്യാർത്ഥി അധ്യാപക ബന്ധം, ആരോഗ്യകരമായ സുഹൃത്ത് ബന്ധങ്ങൾ, വ്യായാമ യോഗാ നീന്തൽ വിവിധതരം വിനോദങ്ങൾ.

### ചികിത്സ എങ്ങനെ?

1. മനശാസ്ത്ര ചികിത്സ കൗൺസിലിംഗ്, ഗ്രൂപ്പ് തെറാപ്പി,ഫാമിലി തെറാപ്പി, മരുന്ന് ചികിത്സ
2. ലഹരി സ്ഥിരമായി ഉപയോഗിക്കുന്നവർ പെട്ടെന്ന് നിർത്തുമ്പോൾ ഉണ്ടാകുന്ന ലക്ഷണങ്ങൾ (Withdrawl Syndromme) കുറയ്ക്കുവാൻ മരുന്നുകൾ സഹായിക്കും
3. ചില ലഹരി മരുന്നുകളോടുള്ള ആസക്തി കുറക്കാൻ സഹായിക്കുന്ന മരുന്നുകളും ഉണ്ട്. കൂടാതെ ADHD, ഉത്കണ്ഠ, വിഷാദം തുടങ്ങിയ മാനസിക രോഗാവസ്ഥകൾ കൂടിയുങ്കെിൽ മരുന്നുകൾ നല്ല രീതിയിൽ പ്രയോജനം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്.
4. മനശാസ്ത്ര ചികിത്സയും മരുന്നുകളും ഒരുമിച്ച് ഉപയോഗിക്കുന്നത് ചികിത്സ വിജയിക്കാനുള്ള സാധ്യത കൂട്ടുന്നു.
5. മാനസിക ആരോഗ്യ സേവനങ്ങൾ ലഭിക്കുന്ന കണ്ണൂർ ജില്ലയിലെ സർക്കാർ സ്ഥാപനങ്ങൾ: ഗവ:മെഡിക്കൽ കോളേജ് കണ്ണൂർ, വിമുക്തി അഡിക്ഷൻ സെന്റർ താലൂക്ക് ഹോസ്പിറ്റൽ പയ്യന്നൂർ, ജില്ലാ ആശുപത്രി കണ്ണൂർ,താലൂക്ക് ഹോസ്പിറ്റൽ തളിപ്പറമ്പ്, ജനറൽ ഹോസ്പിറ്റൽ തലശ്ശേരി



## സാന്ത്വന പരിചരണത്തിന് ട്രാൻസ് ജൻഡർ കൂട്ടായ്മ



ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാർക്കായി സംഘടിപ്പിച്ച പരിശീലനത്തിൽ പങ്കെടുത്തവർ

തിരുവനന്തപുരം: പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ സജീവമാകാൻ ഇനി മുതൽട്രാൻസ്ജെൻഡർവ്യക്തികളും. ഇവരെ പദ്ധതിയിലേക്ക് ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ എറണാകുളം ജില്ലയിലെ 6 ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാർക്കും, കമ്മ്യൂണിറ്റി അംഗങ്ങൾക്കും വളണ്ടിയർ പരിശീലനം നൽകി തുടങ്ങി. ട്രൈനിങ്ങിന്റെ ഭാഗമായുള്ള ഫീൽഡ് വിസിറ്റും തുടർന്ന് ക്ലാസും സജ്ജമാക്കുന്നുണ്ട്. പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾ എന്ന വിഷയത്തെ കുറിച്ച് പാലിയേറ്റീവ് മെഡിക്കൽ ഓഫിസർ ഡോ.അതുൽ ജോസഫ് മാനുവൽ ക്ലാസ്സ് എടുത്തു.

പാലിയേറ്റീവ് കെയർ ഗ്രിഡ്: ആമുഖം എന്ന വിഷയത്തെ കുറിച്ച് എറണാകുളം ജില്ലാ പാലിയേറ്റീവ് കെയർ കോഡിനേറ്റർ ലവ്യ കുമാരൻ ക്ലാസ്സ് എടുത്തു. തുടർന്ന് പാലിയേറ്റിവ് പ്രവർത്തനങ്ങളിൽ ടി ജി ലിങ്ക് വർക്കർമാരുടെ പങ്ക് എന്ന വിഷയത്തെ കുറിച്ച് ജില്ലാ ആശ കോർഡിനേറ്റർ സജന സി നാരായണൻ സംസാരിച്ചു. തുടർന്ന് ഈ വിഷയത്തിൽ ഒരു ചർച്ച നടത്തി. ലിങ്ക് വർക്കർമാരും കമ്മ്യൂണിറ്റി അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു അവരുടെ അനുഭവങ്ങൾ പങ്ക് വച്ചു. ബേസിക് നഴ്സിംഗ് കെയർ എന്ന വിഷയത്തെ കുറിച്ച് നെട്ടൂർ പി.എച്ച്.സി സെക്കന്ററി നഴ്സ്, ഷീബ ജോസ് ക്ലാസ്സ്എടുത്തു. തുടർന്ന് ട്രെയിനിങ് പ്ലാനിനെ കുറിച്ച് പാലിയേറ്റീവ് കെയർ മെഡിക്കൽ ഓഫിസർ ഡോ.ഉണ്ണി പയസ് സംസാരിച്ചു.

# എലിപ്പനി ജാഗ്രത വേണം: മന്ത്രി



## മണ്ണുമായും മലിനജലവുമായും ഇടപെടുന്നവർ ഡോക്സിസൈക്ലിൻ കഴിക്കണം

മഴ തുടരുന്നതിനാൽ പകർച്ച വ്യാധികൾക്കെതിരെ ജാഗ്രത തുടരണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എലിപ്പനിയ്ക്കെതിരെ വളരെ ശ്രദ്ധിക്കണം. എലിപ്പനി ബാധിച്ചാൽ പെട്ടെന്ന് തീവ്രമാകുമെന്നതിനാൽ പ്രത്യേക ശ്രദ്ധ വേണം. ഏതെങ്കിലും സാഹചര്യത്തിൽ മണ്ണുമായോ, മലിനജലവുമായോ സമ്പർക്കത്തിൽ വന്നിട്ടുള്ളവർക്ക് പനി ബാധിക്കുന്നെങ്കിൽ ഉടനടി ചികിത്സ തേടി ഡോക്ടറോട് അക്കാര്യം പറയേണ്ടതാണ്. മണ്ണുമായും മലിനജലവുമായും ഇടപെടുന്നവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കേണ്ടതാണ്. എലിപ്പനി ഒരു മാരക രോഗമാണെങ്കിലും കൃത്യമായ പ്രതിരോധ മാർഗങ്ങളിലൂടെയും ചികിത്സയിലൂടെയും തടയാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

തൊഴിലുറപ്പ് തൊഴിലാളികൾ, ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ, സന്നദ്ധ പ്രവർത്തകർ, ചെടികൾ നടുന്നവർ, മണ്ണിൽ കളിക്കുന്നവർ തുടങ്ങി മലിനജലവുമായോ കെട്ടിക്കിടക്കുന്ന വെള്ളവുമായോ സമ്പർക്കത്തിൽ വരുന്നവർ എലിപ്പനി പ്രതിരോധിക്കാനായി ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം നിർബന്ധമായും ഡോക്സിസൈക്ലിൻ കഴിക്കേണ്ടതാണ്. ആരംഭത്തിൽ കണ്ടെത്തി ചികിത്സിച്ചാൽ സങ്കീർണതകളിൽ നിന്നും മരണത്തിൽ നിന്നും വളരെയേറെപ്പേരെ രക്ഷിക്കാൻ സാധിക്കും.

**എലിപ്പനി വരുന്നതെങ്ങനെ?**

എലി, അണ്ണാൻ, പശു, ആട്, നായ എന്നിവയുടെ മൂത്രം, വിസർജ്യം മുതലായവ കലർന്ന വെള്ളവുമായോ മണ്ണുമായോ സമ്പർക്കം വരുന്നതിലൂടെയാണ് എലിപ്പനി ഉണ്ടാകുന്നത്. തൊലിയിലുള്ള മുറിവുകളിൽ കൂടിയോ കണ്ണ്, മൂക്ക്, വായ വഴിയോ രോഗാണു മനുഷ്യ ശരീരത്തിൽ പ്രവേശിക്കുന്നു.

**രോഗ ലക്ഷണങ്ങൾ**

പെട്ടെന്നുണ്ടാവുന്ന ശക്തമായ പനി, കഠിനമായ തലവേദന, പേശീവേദന, പനിയോടൊപ്പം ചിലപ്പോൾ ഉണ്ടാകുന്ന വിറയൽ എന്നിവയാണ് പ്രധാന രോഗ ലക്ഷണങ്ങൾ. കാൽവണ്ണയ്ക്ക് വേദന, നടുവേദന, കണ്ണിന് ചുവപ്പു നിറം, മഞ്ഞപ്പിത്തം, ത്വക്കിനും കണ്ണുകൾക്കും മഞ്ഞനിറമുണ്ടാവുക, മൂത്രം മഞ്ഞ നിറത്തിൽ പോവുക എന്നീ രോഗലക്ഷണങ്ങളുമുണ്ടാകാം.

**എലിപ്പനി തടയാൻ പ്രതിരോധം പ്രധാനം**

1. മലിനജലവുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവർ വ്യക്തി സുരക്ഷാ ഉപാധികളായ കയ്യുറ, മുട്ട് വരെയുള്ള കാലുറ, മാസ്ക് എന്നിവ ഉപയോഗിക്കുക.
2. കൈകാലുകളിൽ മുറിവുകളുണ്ടെങ്കിൽ മലിനജലത്തിൽ ഇറങ്ങുന്നത് ഒഴിവാക്കുക.
3. മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുകയും പരിസരം വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുക.
4. ഭക്ഷണം തുറന്നു വയ്ക്കാതിരിക്കുക. എലികൾക്ക് കടന്നു ചെല്ലാൻ സാധ്യതയില്ലാത്ത രീതിയിൽ അടച്ചു സൂക്ഷിക്കുക.
5. വെള്ളത്തിലിറങ്ങിയാൽ കൈയ്യും കാലും സോപ്പ് ഉപയോഗിച്ച് നന്നായി കഴുകേണ്ടതാണ്.
6. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കളിക്കാനോ കുളിക്കാനോ പാടില്ല
7. മണ്ണുമായും മലിനജലവുമായും സമ്പർക്കം വരുന്ന കാലയളവിൽ ആഴ്ചയിലൊരിക്കൽ ഡോക്സിസൈക്ലിൻ ഗുളിക 200 മില്ലീഗ്രാം (100 മില്ലീഗ്രാമിന്റെ രണ്ട് ഗുളിക) ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം കഴിക്കുന്നത് വഴി എലിപ്പനി പ്രതിരോധം ലഭിക്കുന്നു.
8. ഡോക്സിസൈക്ലിൻ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭ്യമാണ്.
9. എലിപ്പനിയുടെ പ്രാരംഭ ലക്ഷണങ്ങൾ കാൽ ഉടൻ തന്നെ, ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടേതാണ്.
10. യാതൊരു കാരണവശാലും സ്വയം ചികിത്സ പാടില്ല.

**ലഹരിയ്ക്കെതിരെ കൈകോർത്ത്**

# മനുഷ്യചങ്ങല തീർത്ത് ഇടുക്കി യുവത



ഇടുക്കി :ലോക പുകയില വിരുദ്ധദിനത്തിന്റെ പ്രഖ്യാപനം ഉൾകൊുകൊ് ഇടുക്കി ജില്ലയിലെ കാമ്പസുകളിൽ യുവജനതയുടെ മനുഷ്യചങ്ങല സംഘടിപ്പിച്ചു. ജില്ലയിലെ കലാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി തൊടുപുഴ അൽ– അസ്ഹർ കോളേജിന്റെ സഹകരണത്തോടെ ജില്ലാ ആരോഗ്യവകുപ്പും ആരോഗ്യകേരളവും സംയുക്തമായി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം തൊടുപുഴ ഡന്റൽ കോളേജിൽ നടത്തി. ജില്ലാ കളക്ടർ വി.വിഗ്നേശ്വരി ഐ.എ.എസ് ഉദ്ഘാടനം ചെയ്ത പദ്ധതിയിൽ കാമ്പയിൻ ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊളളുന്ന പതാക സ്ഥാപിച്ചു. ഇത്തരത്തിൽ ജില്ലയിലെ എല്ലാ കാമ്പസുകളിലും സമാനമായ ലഹരി വിരുദ്ധ പരിപാടികളാണ് പദ്ധതിയുടെ ഭാഗമായി നടക്കുന്നത്. കുട്ടികൾക്കായി സിഗ്നേച്ചർ കാമ്പയിൻ, പ്രതിജ്ഞ കലാകായിക മത്സരങ്ങൾ എന്നിവ കോളേജ് തലത്തിൽ നടത്തിയിട്ടു്. കൂടാതെ ബ്ലോക്ക് അടിസ്ഥാനത്തിൽ വിജയിക്കുന്നവർ ജില്ലാതല മത്സരങ്ങളിലും പങ്കെടുക്കും. ജില്ലയിലെ മുഴുവൻ കാമ്പസുകളിലും പുകയില രഹിത ചുവർ ചിത്രങ്ങളും പതാക സ്ഥാപിക്കലും പദ്ധതി വിഭാവനം ചെയ്യുന്നു.

**പേവിഷബാധ പ്രതിരോധ**

# വാക്സിൻ വിതരണം തുടങ്ങി

കോഴിക്കോട് : കക്കോടി ഗ്രാമപഞ്ചായത്ത് പരിധിയിലെ പേവിഷബാധ പ്രതിരോധ വാക്സിൻ വിതരണ പരിപാടിക്ക് ഉജ്ജ്വല തുടക്കം. മൃഗങ്ങളിൽ നിന്നേൽക്കുന്ന മുറിവുകൾ കഴുകി ശുചീകരിക്കാനുള്ള മുറി പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്ത് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. വാക്സിനേഷൻ വഴി, പേവിഷബാധയ്ക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുമെന്ന് ആരോഗ്യ പ്രവർത്തകർ അഭിപ്രായപ്പെട്ടു.

കക്കോടി കുടുംബാരോഗ്യ കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. പി. ഷീബ വാക്സിനേഷൻ വിതരണ ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു. പഞ്ചായത്ത് ഭരണ സമിതി സ്ഥിരം അംഗങ്ങൾ, കൈതമേളി മോഹനൻ, താഴത്തെയിൽ ജുമൈലത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗം സുജ അശോകൻ, പഞ്ചായത്ത് അംഗം ശോഭ, ബ്ലോക്ക് മെഡിക്കൽ ഓഫീസർ ഡോക്ടർ ഷീബ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പ്രദേശവാസികളും ആരോഗ്യ പ്രവർത്തകരും, ആശ പ്രവർത്തകരും ചടങ്ങിൽ സജീവമായി പങ്കെടുത്തു.

ആരോഗ്യ സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ പുനത്തിൽ മല്ലിക അധ്യക്ഷത വഹിച്ച ചടങ്ങിൽ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോക്ടർ ജിനീബ് സ്വാഗതഭാഷണം നടത്തി.

**സംസ്ഥാനത്തെ ആദ്യത്തെ**

# കളക്ട്രേറ്റ് മെഡിക്കൽ എയ്ഡ് സെന്റർ തൃശ്ശൂരിൽ



തൃശ്ശൂർ: വിവിധ സർക്കാർ സേവനങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്കും കളക്ട്രേറ്റ് ജീവനക്കാർക്കും അടിയന്തിരഘട്ടങ്ങളിൽ വൈദ്യസഹായം ഉറപ്പാക്കാനും പ്രഥമ ശുശ്രൂഷ നൽകുന്നതിനും ലക്ഷ്യമാക്കി കളക്ട്രേറ്റിൽ മെഡിക്കൽ എയ്ഡ്സ് സെന്റർ സജ്ജീകരിച്ചു. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ആരോഗ്യകേരളത്തിന്റെയും ജില്ലാ മെഡിക്കൽ ഓഫീസ് ആരോഗ്യത്തിന്റേയും സഹകരണത്തിൽ തൃശ്ശൂർ കളക്ട്രേറ്റിൽ മെഡിക്കൽ എയ്ഡ്സ് സെന്റർ ആരംഭിച്ചു. ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഉദ്ഘാടനം നിർവ്വഹിച്ചു. ഇത്തരത്തിൽ സേവനം നൽകുന്ന കേരളത്തിലെ ആദ്യത്തെ കളക്ട്രേറ്റ് ആണ് തൃശ്ശൂർ ജില്ലാ കളക്ട്രേറ്റ്. മുൻകാലങ്ങളിൽ കളക്ട്രേറ്റിൽ എത്തുന്ന പൊതുജനങ്ങൾ, ജീവനക്കാർ എന്നിവരിൽ ക്ഷീണം, തലകറക്കം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുകയും ആശുപത്രിയിൽ എത്തിക്കുന്ന സാഹചര്യങ്ങൾ കൂടുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതോടെയാണ് മെഡിക്കൽ എയ്ഡ് സെന്റർ ആരംഭിക്കുന്ന ആശയം ചർച്ച ആയത്. തുടർന്ന് ഒരു ഡോക്ടറുടേയും സേവനം ഉൾപ്പെടുത്തികൊണ്ട് മെഡിക്കൽ എയ്ഡ് സെന്റർ ആരംഭിക്കുകയായിരുന്നു. മെഡിക്കൽ എയ്ഡിനു പുറമേ ബോധവത്ക്കരണ പ്രദർശനവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദ്ഘാടനത്തിനു എ.ഡി.എം ടി മുരളി, തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ശ്രീദേവി ടി പി, തൃശ്ശൂർ ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.സജീവി കുമാർ പി, പ്രോഗ്രാം ഓഫീസർമാർ, കളക്ട്രേറ്റ് ജീവനക്കാർ എന്നിവർ പങ്കെടുത്തു.




# അറിയാം അകറ്റാം അരിവാൾ കോശരോഗം



ഡോ. എ വി രാംദാസ്
ഡി.എം.ഒ (എച്ച്)
കാസറഗോഡ്



കാഞ്ഞങ്ങാട്: അരിവാൾ കോശരോഗം അഥവാ സിക്കിൾ സെൽ ഡിസീസ് എന്നത് ശരീരത്തിലെ ചുമന്ന രക്താണുക്കളിൽ കാണപ്പെടുന്ന ഹീമോഗ്ലോബിൻ തന്മാത്രകൾക്ക് തകരാർ സംഭവിക്കുന്ന ഒരു ജനിതക അവസ്ഥയാണ്. സ്ത്രീകളിലും പുരുഷന്മാരിലും ഈ രോഗമുണ്ടാകാൻ തുല്യ സാധ്യതയാണ് ഉള്ളത്. അരിവാൾ രൂപത്തിലുള്ള ഹീമോഗ്ലോബിൻ അടങ്ങിയ ചുമന്ന രക്താണുക്കൾക്ക് രൂപമാറ്റം (C പോലെ) സംഭവിക്കുകയും അവ ഒട്ടിപ്പിടിക്കാൻ തുടങ്ങുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ചുമന്ന രക്താണുക്കൾ വേഗം നശിച്ചുപോകുന്നതിനാൽ രോഗിയിൽ വിളർച്ച ഉാകുന്നു. അച്ഛനും അമ്മയും അരിവാൾ രോഗവാഹകരാണെങ്കിൽ ഗർഭസ്ഥശിശുവിന് രോഗം വരാനുള്ള സാധ്യത 25% ആണ്. ജീവിതകാലം മുഴുവൻ പരിശോധനയും ചികിത്സയും വേിവരുന്ന രോഗമാണിത്. ഇന്ത്യയിൽ അരിവാൾ രോഗത്തിന്റെ എണ്ണം കൂടുതലായതുകൊണ്ട്

രോഗാവസ്ഥയെ കുറിച്ചുള്ള അവബോധം ഉണ്ടാകേണ്ടത് അതിപ്രധാനമാണ്. കൈ, കാൽ നെഞ്ച് എന്നിവിടങ്ങളിലെ രക്തക്കുഴലുകൾ അടയൽ, കൈകാലുകളിൽ വീക്കവും വേദനയും, വിളർച്ച ,തുടർച്ചയായ പനിയും അണുബാധയും, അടിക്കടിയുള്ള മഞ്ഞപ്പിത്തം, ക്ഷീണം, വളർച്ച മുരടിപ്പ് എന്നിവ ഈ രോഗത്തിന്റെ ലക്ഷണങ്ങളാണ്.

നാലുമാസം മുതൽ പ്രായമുള്ള കുഞ്ഞുങ്ങളിൽ ഇതിന്റെ ലക്ഷണങ്ങൾ കാണാം. ഇത് കൃത്യമായ പരിശോധിക്കുവാനും രോഗ പകർച്ച തടയുവാനുമാണ് ഈ ക്യാമ്പയിൻ നടപ്പിലാക്കുന്നത്.

**ആരെല്ലാം ആണ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടത്?**

1. രോഗം കൂടുതലായി കാണപ്പെടുന്ന തെരഞ്ഞെടുക്കപ്പെട്ട 17 സംസ്ഥാനങ്ങളിലെ 0 മുതൽ 40 വയസ്സു വരെയുള്ള എല്ലാ ആളുകളെയും.
2. എല്ലാ ഗർഭിണികളെയും ഗർഭസ്ഥയുടെ ആദ്യ മൂന്നു മാസത്തിൽ.
3. എല്ലാ സ്കൂൾ കോളേജ് വിദ്യാർത്ഥികളെയും.

**അരിവാൾ രോഗകോശബാധിതർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. വെള്ളവും മറ്റു പാനീയങ്ങളും ധാരാളം കുടിക്കുക.
2. പോഷകങ്ങൾ അടങ്ങിയ ഭക്ഷണം കഴിക്കുക.
3. നന്നായി വിശ്രമിക്കുകയും ഉറങ്ങുകയും ചെയ്യുക.
4. എല്ലാ ദിവസവും വ്യായാമം ചെയ്യുക
5. ആശങ്ക ഒഴിവാക്കുക.
6. വിദഗ്ധ ചികിത്സ തേടുക
7. പരിശോധനകൾ കൃത്യമായി നടത്തുക.

## കാമ്പയിൻ ഉദ്ഘാടനം ചെയ്തു




കാസർഗോഡ്: സിക്കിൾ സെൽ അഥവാ അരിവാൾ കോശ രോഗ പ്രതിരോധം, ബോധവൽക്കരണം എന്നിവ ലക്ഷ്യമാക്കി ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'അറിയാം അകറ്റാം അരിവാൾ കോശരോഗം' കാമ്പയിൻ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ദേശീയ ആരോഗ്യ ദൗത്യം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ പരപ്പ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങ് പരപ്പ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡ് ഭൂപേഷ് കെ ഉദ്ഘാടനം ചെയ്തു. പരപ്പ ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷ പത്മകുമാരി അധ്യക്ഷയായിരുന്നു. ജില്ലാ ആർ സി എച്ച് ഓഫീസർ ഡോ. ഷാന്റി കെ കെ ക്യാമ്പയിൻ വിശദീകരിച്ചു.

## ലഹരിവിരുദ്ധ ദിനാചരണം

കോട്ടയം: ജില്ലാ ആരോഗ്യവകുപ്പ് ആരോഗ്യകേരളം, സ്കൗട്ട് ആൻഡ് ഗൈഡ് എന്നിവയുടെ ആഭിമുഖ്യത്തിൽ എം.ഡി. സെമിനാരി ഹയർ സെക്കൻഡറി സ്കൂളിൽ അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോസ് പുത്തൻകാലാ ഉദ്ഘാടനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. പ്രിയ അധ്യക്ഷത വഹിച്ചു. കോട്ടയം നഗരസഭാംഗം ജയ്മോൾ ജോസഫ്, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ വ്യാസ് സുകുമാരൻ, സ്കൗട്ട് ആൻഡ് ഗൈഡ് ജില്ലാ ട്രെയിനിംഗ് കമ്മീഷണർ റോയി പി. ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ ഹണി ജി. അലക്സാർ, ജില്ലാ മെഡിക്കൽ ഓഫീസ് ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ മാർട്ടിൻ ഗ്ലാഡ്സൺ, എം.ഡി സെമിനാരി ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ജേക്കബ് ജോൺ, വൈ.എം.സി.എ. സബ് റീജണൽ ചെയർമാൻ ജോബി ജെയ്ക് ജോർജ്, ജില്ലാ സ്കൗട്ട്സ് കമ്മീഷണർ ഡാനിഷ് പി. ജോൺ, ജില്ലാ മെഡിക്കൽ ഓഫീസ് ഡെപ്യൂട്ടി മാസ് ഇൻചാർജ് ജി. ജയരാജ്, എക്സൈസ് ഇൻസ്പെക്ടർ സുനിൽ കുമാർ എന്നിവർ പങ്കെടുത്തു.

**ബാലുശ്ശേരിയിൽ പുനർജനി**

## മരവുമായി ആശുപത്രിയിൽ നിന്നും മടങ്ങാം



ബാലുശ്ശേരി: ബ്ലോക്ക് പഞ്ചായത്തിന്റെയും ബാലുശ്ശേരി താലൂക്ക് ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ ആശുപത്രിയിൽ നിന്നും ചികിത്സ കഴിഞ്ഞ് ഡിസ്ചാർജ് ആയി പോകുന്ന രോഗികൾക്ക് വൃക്ഷത്തൈകൾ നൽകിക്കൊണ്ട് പുനർജനി എന്ന പദ്ധതിക്ക് തുടക്കമിട്ടു. ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായിട്ടാണ് പുതിയ പദ്ധതിക്ക് തുടക്കം കുറിച്ചത്.

അസുഖം ഭേദമായി ആശുപത്രിവാസം അവസാനിപ്പിച്ച് വീട്ടിലേക്ക് പോകുമ്പോൾ ലഭ്യമാക്കുന്ന വൃക്ഷത്തൈ വീട്ടുവളപ്പിൽ നട്ടുപിടിപ്പിക്കുന്നതിലൂടെ പ്രകൃതിയെ സംരക്ഷിക്കുന്നതിനും ഈ പദ്ധതി ഏറ്റവും മഹത്തരം ആണെന്ന് പദ്ധതി ഉദ്ഘാടനം നിർവഹിച്ച ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുരേഷ് ആലംകോടൻ വ്യക്തമാക്കി.

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിലെ അസിസ്റ്റന്റ് സർജൻ ആയി പ്രവർത്തിച്ചിരുന്ന ഡോ അനൂപ് കൃഷ്ണയുടെ നേതൃത്വത്തിലാണ് നൂതന പദ്ധതിക്ക് തുടക്കമിട്ടത്.

ബാലുശ്ശേരി താലൂക്ക് ആശുപത്രി സൂപ്ര് ഡോ ഉമേഷ് പി കെ, ജനറൽ മെഡിസിൻ വിഭാഗം മേധാവി ഡോ സന്ധ്യ കുറുപ്പ്, ഹെൽത്ത് സൂപ്പർവൈസർ രാജേഷ്,നഴ്സിങ് സൂപ്ര് ജുമൈലത്ത്, എന്നിവർ ചടങ്ങിൽ സംസാരിച്ചു.

**അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം**

## ജില്ലാതല ഉദ്ഘാടനം സംഘടിപ്പിച്ചു



കണ്ണൂർ: എക്സൈസ്, ആരോഗ്യം, പൊതു വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ദിനചാരണത്തിന്റെ ജില്ലാ തല ഉദ്ഘാടനം സംഘടിപ്പിച്ചു. കൂത്തുപറമ്പ് ചുണ്ടങ്ങാപ്പൊയിൽ ഹയർ സെക്കറി സ്കൂളിൽ നടന്ന പരിപാടി കെ പി മോഹനൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ പഞ്ചായത്ത് അംഗം മുഹമ്മദ് അഫ്സൽ അധ്യക്ഷ്യത വഹിച്ച ചടങ്ങിൽ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ സതീഷ് കുമാർ സ്വാഗതം ആശംസിച്ചു. ഡെപ്യൂട്ടി ഡി എം ഒ ഡോ. രേഖ കെ ടി ദിനാചരണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മികച്ച ലഹരി വിമുക്ത പ്രവർത്തനം കാഴ്ച വെച്ച സ്കൂളിനുള്ള എക്സൈസ് വകുപ്പിന്റെ അവാർഡ് സ്കൂൾ ഹെഡ് മിസ്ട്രെസ് ശ്രീരഞ്ജിനി ഏറ്റുവാങ്ങി. സ്കൂളിനെ പുകയില രഹിതമായി പ്രഖ്യാപിക്കുന്ന ചടങ്ങും നടന്നു. പരിപാടിയിൽ ജില്ലാ എഡ്യൂക്കേഷൻ ഓഫീസർ പി ശകുന്തള, ജില്ലാ മാനസികരോഗ്യ പരിപാടി നോഡൽ ഓഫീസർ ഡോ. വീണ ഹർഷൻ, കതിരൂർ എഫ് എച്ച് സി മെഡിക്കൽ ഓഫീസർ ഡോ. വിനീത ജനാർദ്ദനൻ, തലശ്ശേരി എക്സൈസ് ഇൻസ്പെക്ടർ സുബിൻ രാജ്, വിമുക്തി ജില്ലാ കോർഡിനേറ്റർ സുജിത് തില്ലങ്കേരി, ചുങ്ങാപ്പൊയിൽ ഹയർ സെക്കറി സ്കൂൾ പ്രിൻസിപ്പാൾ കെ കെ ബാലകൃഷ്ണൻ, കേരള സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷൻ ജില്ലാ സെക്രട്ടറി പ്രനിൽ കെ, ആരോഗ്യ വകുപ്പ് ജില്ലാ മാസ്സ് മീഡിയ ഓഫീസർ ഷബീർ വി എ, ഡെപ്യൂട്ടി മാസ്സ് മീഡിയ ഓഫീസർ ടി സുധീഷ്, ദേശീയ ആരോഗ്യ ദൗത്യം ജൂനിയർ കൺസൽട്ടന്റ് ബിൻസി രവീന്ദ്രൻ, പി ടി എ പ്രസിഡന്റ് എം വിനോദൻ, വാർഡ് മെമ്പർ ടി. ധനലക്ഷ്മി എന്നിവർ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി ലഹരി നിമിഷ സുഖം, ജീവിത ദുഃഖം എന്ന പേരിൽ ജില്ലാ ആശുപത്രി സൈക്യാട്രിക് സോഷ്യൽ വർക്കർ നിഖിത വിനോദ് ബോധവത്കരണ ക്ലാസ് കൈകാര്യം ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി.

## 'ആരോഗ്യ കേരള'ത്തെ അറിയാൻ ഒഡിഷ ടീം



തിരുവനന്തപുരം: കേരളത്തിന്റെ ആരോഗ്യ മേഖലയുടെ മികവുകൾ കറിയാൻ ഒഡീഷയിൽ നിന്ന് ഹെൽത്ത് ടീം സന്ദർശനത്തിന് എത്തി. അഡീഷണൽ ഡയറക്ടർ (ടെക്നിക്കൽ) ഡോ. നിരോധ് കുമാർ മിശ്ര, എസ്.പി. എം. സുഖാന്ദകുമാർ മിശ്ര എന്നിവരുടെ നേതൃത്വത്തിലുള്ള എട്ടംഗ സംഘമാണ് ഏഴു ദിവസത്തെ സന്ദർശനത്തിന് എത്തിയത്. കേരളത്തിലെ നഗര ആരോഗ്യ കേന്ദ്രങ്ങളാണ് കൂടുതലായും ടീം സന്ദർശിച്ചത്. പ്രാദേശിക ഭരണകൂടവുമായി ചേർന്ന് ആരോഗ്യ വകുപ്പ് നടത്തുന്ന ഇടപെടലുകൾ, കേരളത്തിന്റെ പദ്ധതി നിർവഹണരീതികൾ, പാലിയേറ്റീവ് കെയർ, അർബൻ പി.എച്ച്.സി. വഴി നടപ്പാക്കുന്ന മഹില ആരോഗ്യ സമിതി (MAS), രോഗി കല്യാൺ സമിതി (എച്ച്.എം.സി), നിർവഹണത്തിൽ വിവിധ ഏജൻസികളുടെ പങ്കാളിത്തം എന്നിവയാണ് പ്രധാനമായും ഒഡീഷ ടീം നിരീക്ഷിച്ചത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ സന്ദർശനം നടത്തിയ ടീം കോർപ്പറേഷൻ / നഗരസഭ ചെയർമാൻമാരും ആരോഗ്യ ഭരണ സമിതി അംഗങ്ങളും ആരോഗ്യ പ്രവർത്തകരുമായി നേരിട്ട് ചർച്ച നടത്തി. എൻഎച്ച് എം സ്റ്റേറ്റ് ഓഫീസിൽ എത്തിയ ടീം സ്റ്റേറ്റ് നോഡൽ ഓഫീസർമാരുമായി കൂടിക്കാഴ്ച നടത്തി. രാജ്യത്ത് കേരളത്തിൽ മാത്രമുള്ള റേഡിയോ ഹെൽത്തിന്റെ സ്റ്റുഡിയോയും സന്ദർശിച്ചു.

**കുഞ്ഞിന്റെ കണ്ണിൽ വിര**

# കാഴ്ച കാത്തത് ശസ്ത്രക്രിയ



വിജയകരമായി ശസ്ത്രക്രിയ പൂർത്തിയാക്കിയ മെഡിക്കൽ ടീമംഗം ഡോ.അനിമയെ, അഡ്വ. കെ പ്രേംകുമാർ എംഎൽഎ അഭിനന്ദിക്കുന്നു. ഒറ്റപ്പാലം താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. ഷിജിൻ ജോൺ ആളൂർ സമീപം.

പാലക്കാട്: കണ്ണിലെ കാഴ്ചശക്തിയെ തന്നെ നശിപ്പിക്കാനാകുന്ന അപകടകരമായ ഡയറോഫിലേറിയ (Dirofilaria) എന്ന വിരയെ ആണ് ശസ്ത്രക്രിയയിലൂടെ പുറത്തെടുത്തത്. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ നേത്രരോഗ വിദഗ്ധരായ ഡോ. അനിമയും ഡോ. സിതാര ടി.വിയും നേതൃത്വം നൽകിയ മെഡിക്കൽ സംഘമാണ് ശസ്ത്രക്രിയ നടത്തിയത്.

കുഞ്ഞിന്റെ കണ്ണിൽ ചോര പൊടിയുന്നതും അസ്വാഭാവികമായ ചലനമുണ്ടാകുന്നതും ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് മാതാപിതാക്കൾ കുട്ടിയെ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ഒപി വിഭാഗത്തിൽ കൊണ്ടുവരികയായിരുന്നു. തുടർന്ന് ഡോക്ടർമാർ പരിശോധിച്ചപ്പോൾ ആണ് കുഞ്ഞിന്റെ കണ്ണിനകത്ത് ചലിക്കുന്ന വിരയെ കണ്ടെത്തിയത്. കൂടുതൽ പരിശോധനകൾ നടത്തിയപ്പോഴാണ് ഇത് ഡയറോഫിലേറിയ എന്ന അപൂർവ വിരയാണെന്ന് വ്യക്തമായത്. ഡയറോഫിലേറിയ സാധാരണ വ്യാപകമായി കണ്ടുവരുന്ന ഒരു വിരയല്ല. എന്നാൽ ചതുപ്പുള്ള പ്രദേശങ്ങളിലോ മലിനജലം കെട്ടിനിന്ന് വലിയ തോതിൽ കൊതുക് മുട്ടയിട്ട് വളരുന്ന പരിതഃസ്ഥിതിയിലോ കൊതുക് കടി വഴി ഇത് മനുഷ്യ ശരീരത്തിലേക്ക് പ്രവേശിക്കാം. അപൂർവ സാഹചര്യങ്ങളിൽ കൊതുക് കടിയിലൂടെ മനുഷ്യശരീരത്തിൽ കയറിപ്പറ്റുന്ന ഈ വിര കണ്ണിലേക്ക് പ്രവേശിക്കുന്ന അവസ്ഥയും ഉണ്ടാവാറുണ്ട്.

വിര കണ്ണിൽ തുടരുകയാണെങ്കിൽ അത് കാഴ്ച നഷ്ടപ്പെടാൻ പോലും ഇടയാക്കിയേക്കാം. കൂടാതെ, ശരീരത്തിലെ മറ്റു ഭാഗങ്ങളിലേക്കും എത്തി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാം. അതിനാൽ സാഹചര്യത്തിന്റെ ഗൗരവം തിരിച്ചറിഞ്ഞ് ഉടൻ തന്നെ കുട്ടിയുടെ കണ്ണിൽ ശസ്ത്രക്രിയയ്ക്ക് ഡോക്ടർമാർ തീരുമാനമെടുക്കുകയായിരുന്നു. കണ്ണിൽ അസ്വാഭാവികമായ ചലനമോ രക്തം പൊടിയുന്നതോ ശ്രദ്ധയിൽ പെട്ടാൽ ഉടൻ ഡോക്ടറെ കാണുകയും കൊതുക് വളരാൻ ഇടയില്ലാത്ത വിധം പരിസരം വൃത്തിയായി സൂക്ഷിക്കുകയും വേണം. മലിനജലം കെട്ടിനിൽക്കുന്നയിടങ്ങളിൽ കുട്ടികൾ കളിക്കുന്നതും സമ്പർക്കത്തിൽ വരുന്നതും ഇത്തരത്തിലുള്ള അപകടാവസ്ഥകൾ ക്ഷണിച്ചു വരുത്തിയേക്കാം.

# ഹൃദയംതൊട്ട കാത്ത് ലാബിന് ഒരു വയസ്സ്



കൽപ്പറ്റ: വയനാടിന്റെ ആരോഗ്യമേഖലയ്ക്ക് കുതിപ്പായി മാനന്തവാടി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ ആരംഭിച്ച കാത്ത് ലാബിന് ഒരു വയസ്സ്. മെയ് 25നായിരുന്നു ഒന്നാം പിറന്നാൾ. ഒരു വർഷത്തിനിടയിൽ 278 ആൻജിയോഗ്രാമും 108 ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയയും നടത്തി. 2105 എക്കോ ടെസ്റ്റുകളും 148 ട്രെഡ്മിൽ ടെസ്റ്റും (ടിഎംടി) പൂർത്തിയാക്കി. ഹൃദ്രോഗ ഒ.പിയിൽ ഒരുവർഷം 7100 പരിശോധനകളാണ് നടത്തിയത്. 255 രോഗികളെ കിടത്തിച്ചികിത്സിച്ചു.

ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് ഹൃദ്രോഗ വിഭാഗം പരിശോധന. വിദഗ്ധ ചികിത്സയ്ക്കായി ചുരമിറങ്ങുകയോ വൻകിട സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുകയോ ചെയ്യേണ്ടിയിരുന്ന പതിനായിരത്തോളം രോഗികൾക്കാണ് കാത്ത് ലാബ് ആശ്വാസമായത്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് എട്ടു കോടി രൂപയും മന്ത്രി ഒ.ആർ കേളുവിന്റെ ആസ്തിവികസന ഫിൽ നിന്ന് 50 ലക്ഷം രൂപയും വിനിയോഗിച്ചാണ് കാത്ത് ലാബ് ഒരുക്കിയത്. ഫർണിച്ചറുകൾക്കും ആസ്തി വികസന ഫണ്ട് അനുവദിച്ചു.

**ലക്ഷ്യം മികച്ച ചികിത്സ: മന്ത്രി ഒ.ആർ കേളു**

വയനാട് ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ കാത്ത് ലാബിന്റെ പ്രവർത്തനം ആരംഭിച്ചത് ആയിരക്കണക്കിന് രോഗികൾക്ക് ആശ്വാസമായെന്ന് മന്ത്രി ഒ.ആർ കേളു. കാത്ത് ലാബ് തുറന്നതിൽ അഭിമാനവും സന്തോഷവുമുണ്ട്. ഹൃദയ ചികിത്സയ്ക്കുൾപ്പെടെ സൗകര്യം മെഡിക്കൽ കോളജ് ആശുപത്രിയിൽ ഒരുക്കാനായി. മികച്ച ആശുപത്രിയാക്കാനുള്ള ശ്രമം തുടരുകയാണ്. പുതിയ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

**വേണ്ടാ 'ലഹരി'**

# 'കർമ്മ'യുമായി 1193 കുട്ടി ഡോക്ടർമാർ




പത്തനംതിട്ട: ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) ആരോഗ്യകേരളം പത്തനംതിട്ട എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കൗമാര സൗഹൃദ ആരോഗ്യ പരിപാടിയുടെ ഭാഗമായി പിയർ എഡ്യൂക്കേറ്റർമാർ നേതൃത്വം നൽകുന്ന കർമ്മ (KARMA: Knowledge Against Risky and Maladaptive Addictions) കാമ്പയിന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ ജില്ലയിൽ തുടക്കമായി. പരിപാടിയുടെ ഉദ്ഘാടനം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എൽ അനിതകുമാരി നിർവഹിച്ചു.

ജില്ലയിൽ പരിശീലനം ലഭിച്ച 1193 ഓളം പിയർ എഡ്യൂക്കേറ്റർമാരുടെ (കുട്ടി ഡോക്ടർമാർ) നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെയുള്ള അവബോധം സൃഷ്ടിക്കുന്നതോടൊപ്പം ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ ദുരുപയോഗം തടയുന്നതും ലക്ഷ്യം വച്ചുള്ള സ്കൂൾ അധിഷ്ഠിത പ്രവർത്തനങ്ങൾ 'കർമ്മ' കാമ്പയിനിലൂടെ ലക്ഷ്യമിടുന്നു. 'കൂടാം, കരുതാം, കവചമാകാം' എന്നതാണ് കാമ്പയിന്റെ ആപ്തവാക്യം.

പത്തനംതിട്ട കാതോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ ആർ.സി.എച്ച് ഓഫീസർ ഡോ കെ.കെ ശ്യാംകുമാർ അധ്യക്ഷത വഹിച്ചു. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ് ശ്രീകുമാർ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എക്സൈസ്, വിദ്യാഭ്യാസ വകുപ്പുകളെ കൂടി ഉൾപ്പെടുത്തി കൊണ്ടാണ് ദിനാചരണ പരിപാടി സംഘടിപ്പിച്ചത്. പത്തനംതിട്ട എക്സൈസ് ഡിപ്പാർട്ട്മെന്റിലെ വനിതാ സിവിൽ എക്സൈസ് ഓഫീസർ ഗീതാകുമാരി വിദ്യാർഥികൾക്ക് ബോധവൽക്കരണ ക്ലാസ് നൽകി. കൗമാര സൗഹൃദ ആരോഗ്യ പരിപാടി ജില്ലാ നോഡൽ ഓഫീസർ ഡോ. ബിബിൻ സാജൻ, പത്തനംതിട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എസ് ഷാജി, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇൻചാർജ് ബെൻഞ്ചുവാ, ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ (ആരോഗ്യം) ശ്രീകുമാർ എസ്, കതോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂൾ കോഡിനേറ്റർ ഫാ. ബിജു മാത്യു, കതോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ ജേക്കബ് ജോർജ്, ഹെഡ്മിസ്ട്രസ് ജയമോൾ പി. എം, ആർ ബി എസ് കെ കോഡിനേറ്റർ ജിഷ സാരു തോമസ് , ആരോഗ്യപ്രവർത്തകർ, പിയർ എഡ്യൂക്കേറ്റർമാർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

ചടങ്ങിൽ ലഹരിവിരുദ്ധ ദിനാചരണ പരിപാടികൾക്ക് മുന്നോടിയായി അന്താരാഷ്ട്ര യോഗ ദിനത്തിൽ പിയർ എഡ്യൂക്കേറ്റർമാരുടെ യോഗ പരിശീലനവും സംഘടിപ്പിച്ചിരുന്നു. വിവിധ ആരോഗ്യ ബ്ലോക്കുകളിൽ സംഘടിപ്പിച്ച പോസ്റ്റർ രചന, കവിത രചന എന്നീ മത്സരങ്ങളിൽ വിജയികളായവർക്കുള്ള ഫലകവും സർട്ടിഫിക്കറ്റ് വിതരണവും ജില്ലാ മെഡിക്കൽ ഓഫീസർ നിർവഹിച്ചു.

**നഗരവാസികളുടെ ആരോഗ്യം കാക്കാൻ**

# 12 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ



ആലപ്പുഴ: നഗരവാസികളുടെ ആരോഗ്യം കാക്കാൻ നഗരസഭക്ക് അനുവദിച്ച 12 ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെയും പ്രവർത്തനം തുടങ്ങി. വടക്കനാൽ പ്രദേശത്ത് 12 –ാം കേന്ദ്രം പി.പി ചിത്തരഞ്ജൻ എം.എൽ.എ ഉത്ഘാടനം ചെയ്തു. നഗരസഭാദ്ധ്യക്ഷ കെ.കെ ജയമ്മ അധ്യക്ഷത വഹിച്ചു.

കിടങ്ങാംപറമ്പ്, ഇറാവുകാട്, വലിയമരം, പവർ ഹൌസ്, വഴിച്ചേരി, പൂന്തോപ്പ്, പള്ളാത്തുരുത്തി, ഗുരുമന്ദിരം, കറുകയിൽ, വാടക്കൽ, പുന്നമട എന്നീ 11 വാർഡുകളിലാണ് മറ്റ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ജനറൽ ഒ.പി, ലബോറട്ടറി, ജീവിത ശൈലീ രോഗ നിർണ്ണയം, കുട്ടികളുടെയും, കുട്ടികളുടെയും– യുവതീ യുവാക്കളുടെയും ആരോഗ്യ പരിചരണം, പ്രതിരോധ കുത്തിവെപ്പുകൾ തുടങ്ങിയ സേവനങ്ങൾ ഈ ആരോഗ്യ കേന്ദ്രങ്ങളിൽ ഉച്ചക്ക് ശേഷം ഒരുമണി മുതൽ വൈകിട്ട് 7 മണിവരെ പൊതുജനങ്ങൾക്ക് ലഭിക്കും. ഇത് തദ്ദേശവാസികളായവർക്കും ടൂറിസ്റ്റ് ആയി എത്തുന്നവർക്കും ഒരുപോലെ ഉപകാരപ്രദമാണ്. ദിവസവും 100 ഓളം പേർക്ക് ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സേവനം ലഭ്യമാകുന്നു.

